# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2179 08.12.2014 ന് മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയായി ഉയർത്തുന്നതു സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി. ഇ.എസ്. ബിജിമോൾ**<br>**ശ്രീ. വി.ശശി** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയായി ഉയർത്തുന്നതു സംബന്ധിച്ചുള്ള കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് ലഭിച്ചതെന്നാണ് ; | (എ) 2000 മാർച്ചിലാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ Environmental & Social Impact Assessment of increasing the water level at Periyar Lake in Periyar Tiger Reserve ' എന്ന റിപ്പോർട്ട് തയ്യാറാക്കിയത്. |
| (ബി) പ്രസ്തുത പഠന സംഘത്തിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു; പഠന റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (ബി) 1.ഡോ. എ.ആർ. ആർ. മേനോൻ, കെ.എഫ്.ആർ.ഐ,<br>2. ഡോ.പി.എസ്.ഈസ, കെ.എഫ്.ആർ.ഐ,<br>3.ഡോ.എൻ. ശശിധരൻ, കെ.എഫ്.ആർ.ഐ,<br>4. ഡോ.എസ്. ശങ്കർ, കെ.എഫ്.ആർ.ഐ<br>5. വൈൽഡ് ലൈഫ് പ്രിസർവേഷൻ ഓഫീസർ<br>എന്നിവരാണ് പഠന സംഘത്തിലെ അംഗങ്ങൾ.<br>പ്രസ്തുത പഠന റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 152 അടിയിലേയ്ക്ക് ഉയർത്തുമ്പോൾ അത് വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെയും, വന്യ ജീവികളെയും, പ്രദേശത്തെ ടൂറിസത്തെയും, ആദിവാസി സമൂഹത്തെയും പ്രതികൂലമായി ബാധിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുകയും |

..................2)

ജല നിരപ്പ് 152 അടിയായി ഉയർത്തുവാൻ പാടില്ലായെന്ന് ശക്തമായി ശിപാർശ ചെയ്യുകയുമുണ്ടായി.

(സി) പ്രസ്തുത പഠന റിപ്പോർട്ട് സുപ്രീം കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) പ്രസ്തുത പഠന റിപ്പോർട്ട് Kerala Document No. 5 ആയി അസ്സൽ വ്യവഹാരം നം. 3/2006 ൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ആക്ഷേപം ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ